**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3136** **25-10-2021 - ൽ മറുപടിയ്ക്ക്**

**പയംകുറ്റിമല, ലോകനാർകാവ് ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പയംകുറ്റിമലയിലെയും ലോകനാർകാവിലെയും ടൂറിസം പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | പയംകുറ്റിമല ടൂറിസം പദ്ധതിയ്ക്കായി 2019 -ജനുവരിയിൽ 2.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതിൽ വ്യൂ ടവർ, പ്ലാറ്റ്ഫോം, കോംപൗണ്ട് വാൾ, റോഡ്, ലാൻറ്സ്കേപിംഗ്, കഫറ്റേരിയ, ഇൻറർലോക് ഫോർ ഗ്രൗണ്ട് & ഇലക്ട്രിഫിക്കേഷൻ വർക്സ് എന്നീ ഘടകങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ പദ്ധതി നിർവ്വഹണ ഏജൻസിയായ ULCCS Ltd.മുഖേന പൂർത്തീകരിക്കുകയും ആയതിന്റെ ഉദ്ഘാടനം 14.02.2021 ന് നിർവ്വഹിക്കുകയും ചെയ്തു. പിൽഗ്രീം ടൂറിസം ഡെവലപ്മെൻറ് അറ്റ് ലോകനാർക്കാവ് ടെമ്പിൾ, കോഴിക്കോട് എന്ന പദ്ധതിയ്ക്ക് 19.10.2020 ൽ 3.60 കോടി രൂപയുടെ ഭരണാനുമതി നൽകി. ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഡി.റ്റി.പി.സി, കോഴിക്കോട് മുഖേന SILK LTD. നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. നിലവിൽ ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാകാത്തതിനാൽ പദ്ധതി ആരംഭിച്ചിട്ടില്ല. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ SILK LTD, ഈ പദ്ധതിയിൽ നിന്ന് പിൻമാറുന്നു എന്ന് ഡിറ്റിപിസി, കോഴിക്കോട് അറിയിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് പുതിയ പി.എം.സി യെ തെരെഞ്ഞെടുത്ത് പദ്ധതി അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. കൂടാതെ തലശ്ശേരി ഹെറിറ്റേജ് പ്രോജക്ടിന്റെ ഭാഗമായി ലോകനാർക്കാവ് ക്ഷേത്രം എന്ന ഘടകത്തിനായി 09.08.2020 ൽ 6.69,28,524/-( ആറു കോടി അറുപത്തി ഒൻപതു ലക്ഷത്തി ഇരുപത്തിയെണ്ണായിരത്തി അഞ്ഞൂറ്റി ഇരുപത്തി നാല് രൂപ) രൂപയുടെ അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്. മ്യൂസിയം ഒഴികെയുള്ള ഘടങ്ങൾക്ക് 3,91,50,000/- (മൂന്നു കോടി തൊണ്ണൂറ്റിയൊന്നു |

| | | | |
|---|---|---|---|
| | | | ലക്ഷത്തി അൻപതിനായിരം രൂപ) രൂപയുടെ സാങ്കേതികാനുമതി ലഭിച്ചു. നിലവിൽ വർക്ക് അവാർഡ് ചെയ്യുകയും 17.06.2021 ൽ എഗ്രിമെൻറ് എക്സിക്യൂട്ട് ചെയ്യുകയും ചെയ്തു. കൺസൾട്ടൻറ് ആർക്കിടെക്റ്റിൽ നിന്നും ജി.എഫ്.സി ഡ്രോയിംഗ്സ് ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| (ബി) | പയംകുറ്റിമല ടൂറിസം പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; | (ബി) | പയംകുറ്റിമല ടൂറിസം പദ്ധതി പൂർത്തീകരിച്ചു. ടി പദ്ധതി 14.02.2021 ന് ഉദ്ഘാടനം ചെയ്തിട്ടുള്ളതാണ്. |
| (സി) | പയംകുറ്റിമലയിലേക്കുള്ള റോഡ് വികസനത്തിന് വിനോദസഞ്ചാര വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | പയംകുറ്റിമലയിലേക്കുള്ള റോഡ് പഞ്ചായത്തിന്റെ അധീനതയിൽ ആയതിനാൽ ടി റോഡിന്റെ വികസനം നിലവിൽ ടൂറിസം വകുപ്പിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ